

* മുഹമ്മദ് അസദ്

# സുന്നത്തിന്റെ സാമൂഹികവും സാംസ്കാരികവുമായ പ്രായോഗികത

**ഇസ്ലാമിന്റെ** അറ്റകുറ്റം തീർക്കാൻ, പോയ ദശകങ്ങളിൽ നിരവധി പദ്ധതികൾ നിർദേശിക്കപ്പെട്ടു. ഇസ്ലാമിന്റെ രോഗാതുരമായ ശരീരത്തെ സുഖപ്പെടുത്താനുള്ള ഒറ്റമൂലി കണ്ടെത്താൻ അനേകം ആത്മീയഭിഷഗ്വരന്മാർ കഠിനാധ്വാനം ചെയ്തു. എന്നിട്ടോ? എല്ലാം വെറുതെയായി. കാരണം, ആരുടെയും - ഇന്നും മുസ്ലിം ലോകം സാദരം സമീപിക്കുന്ന വിദഗ്ധ ഭിഷഗ്വരന്മാരുടെ പോലും - രോഗനിദാന നിർണയവും ചികിത്സയും ശരിയാംവിധമായില്ല. പലതരം മരുന്നുകളോടും ടോണിക്കുകളോടുമൊപ്പം ഇസ്ലാമിന് ആരോഗ്യസംവർധകവും അവശ്യം ആവശ്യമായതും ഏറ്റവും പറ്റിയതുമായ പഥ്യാഹാരം നൽകാൻ എല്ലാവരും മറന്നു. ഇസ്ലാമിന്റെ ശരീരത്തിന് ആരോഗ്യമുള്ള അവസ്ഥയിലും അല്ലാത്തപ്പോഴും സ്വീകാര്യവും പരിപാകം വരുത്തുന്നതുമായ ആഹാരം. അതിന്റെ വളർച്ചക്കും പോഷണത്തിനും ആദ്യനാൾ മുതൽ ആധാരമായ ആഹാരം-മുത്തുനബിയുടെ സുന്നത്ത്.

സുന്നത്തിന്റേതാണല്ലോ, പതിനാലു നൂറ്റാണ്ടുകൾക്കു മുമ്പ് ഇസ്ലാമിനുണ്ടായ പോഷണത്തിന്റെ ഹേതു കണ്ടെത്താനുള്ള വഴി. എങ്കിൽ, ഇന്നത്തെ നമ്മുടെ ശോഷണത്തിന്റെ കാരണം തേടുമ്പോഴും എന്തുകൊണ്ട് ആ വഴി പോയിക്കൂടാ? സുന്നത്തിന്റെ നിഷ്ഠയിലുള്ള നിഷ്കർഷ തന്നെയാണ് ഇസ്ലാമികമായ നിലനിൽപും മുന്നേറ്റവും എന്നു പറഞ്ഞാലർഥം. സുന്നത്തിന്റെ തിരസ്കാരമാണ് ഇസ്ലാമിനെ രോഗാതുരവും ജീർണവുമാക്കുന്നത്. ഇസ്ലാം എന്ന കെട്ടിടത്തിന്റെ ഇരുമ്പു ചട്ടക്കൂടാണ് സുന്നത്ത്. ചട്ടക്കൂട് എടുത്തുമാറ്റിയ ഒരു കെട്ടിടം കടലാസുവീടുപോലെ പൊളിഞ്ഞുവീഴുമ്പോൾ എന്തുള്ളൂ അത്ഭുതപ്പെടാൻ!

ഈ ലളിതമായ പരമാർഥം, ഇസ്ലാമിക ചരിത്രത്തിലുടനീളം എല്ലാ പണ്ഡിതന്മാരാലും ഐകകണ്ഠ്യേന അംഗീകൃതമായ വസ്തുത, മുസ്ലിം ബഹുജനം ഇന്നു കേൾക്കാൻ



** ഇരുപതാം നൂറ്റാണ്ടിലെ ഇസ്ലാമിക ചിന്തകൻ (1900-1992)*

പോലും ഇഷ്ടപ്പെടുന്നില്ല. അത്രക്കുണ്ട് മുസ്‌ലിം മനസ്സുകളിൽ പാശ്ചാത്യസംസ്കാരവും നാഗരികതയും ചെലുത്തുന്ന സ്വാധീനത്തിന്റെ ഊക്ക്. എന്നുവെച്ച് നേര് നേരല്ലാതാവുമോ! ആകെ കുഴഞ്ഞുമറിഞ്ഞ് നാണംകെട്ട നമ്മുടെ ഇന്നത്തെ ജീർണാവസ്ഥയിൽനിന്ന് മോചനം നേടാൻ ഈ നേര് കണ്ണു തുറന്നു നാം കണ്ടേ തീരൂ.

മനുഷ്യജീവിതത്തിന്റെ ഭൗതികവും ആത്മീയവുമായ ആവശ്യകതകളെ പരസ്പരം പൂർണമായും പൊരുത്തപ്പെടുത്തുക - ഇസ്‌ലാമിന്റെ സുപ്രധാന നേട്ടങ്ങളിലൊന്ന് ഇതാണെന്ന് നാം കാണുന്നു. അതീന്ദ്രിയമായ മറ്റെല്ലാ സമ്പ്രദായങ്ങളിൽനിന്നും ഇസ്‌ലാം വേറിട്ടുനിൽക്കുന്നത് ഇതുകൊണ്ടാണ്. ആദ്യകാലങ്ങളിൽ ചെന്നേടങ്ങളിലെല്ലാം വെന്നിക്കൊടി പാറിക്കുവാൻ ഇസ്‌ലാമിനു കഴിഞ്ഞതും ഇതുകൊണ്ടുതന്നെ. സ്വർഗം നേടാൻ ഭൂമിയെ തള്ളിപ്പറയേണ്ടതില്ലെന്ന് അത് ജനങ്ങളെ പഠിപ്പിച്ചു. ഒരുവശത്ത് ലൗകികവും മറുവശത്ത് അലൗകികവുമായ അന്തർചോദനകളാൽ പരീക്ഷിക്കപ്പെടുന്ന മനുഷ്യജീവിതത്തെക്കുറിച്ച് അഗാധമായ ഉൾക്കാഴ്ചയും ഉൽക്കണ്ഠയും മുത്തുനബിക്കുണ്ടായിരുന്നു. അതുകൊണ്ട്, ഇരുധ്രുവാഭിമുഖതകളോടും പൊരുത്തപ്പെട്ടുപോകാനുള്ള തെളിഞ്ഞ മാർഗനിർദേശങ്ങളായി തിരുദൂതരുടെ ഓരോ വാക്കും പ്രവൃത്തിയും. സ്വജീവിതം കൊണ്ട് അവിടുന്ന് ഖുർആനിന് വ്യാഖ്യാനം രചിച്ചു. നബിയുടെ മാർഗനിർദേശങ്ങളിൽ ചിലത് തികച്ചും മതപരം എന്നും ചിലത് തികച്ചും ലൗകികം എന്നും വേർതിരിവ് കൽപിച്ച് ദൈനംദിന ജീവിതം ചിട്ടപ്പെടുത്തുന്നവർ ഇസ്‌ലാമിനെ ശരിയാംവിധം മനസ്സിലാക്കിയിട്ടില്ല. അല്ലാഹുവിന്റെ ദൂതൻ എന്ന നിലയിൽ മുഹമ്മദ് മുസ്ത്വഫാ(സ)യെ വിലകുറച്ചു നിരൂപിക്കുന്നതാണ് ഇതിനു മൂലകാരണം. ഖുർആനിലെ ചില ഉദ്ബോധനങ്ങൾ അത് അവതരിച്ച കാലത്തെ അപരിഷ്കൃതരായ അറബികളെ മാത്രം ഉദ്ദേശിച്ചുള്ളതാണെന്നും പരിഷ്കൃതരായ ആളുകൾ ഇന്ന് അനുസരിക്കേണ്ടതില്ലെന്നും വാദിക്കുന്നവർ ഇസ്‌ലാമിനെ ശരിയാംവിധം മനസ്സിലാക്കിയവരല്ലല്ലോ. ഇസ്‌ലാമിനുവിരുദ്ധമായ ആശയങ്ങളാണ് അവരുടേത്.

ഒരു മുസ്‌ലിമിന്റെ ജീവിതത്തിൽ ശാരീരിക സൗഖ്യത്തിനുവേണ്ടി ചെയ്യുന്ന പരിശ്രമങ്ങളിലുള്ള അതേ തീവ്രത കാണുമല്ലോ ആത്മസുഖത്തിനുവേണ്ടിയുള്ള അധ്വാനങ്ങളിലും. അതേപോലെ മുച്ചൂടും മുകരുന്നതാവണം മുഹമ്മദ് നബിയുടെ നേതൃത്വവും മാതൃകയും ഒരു മുസ്‌ലിമിന്റെ ജീവിതത്തിൽ. സാന്മാർഗികവും പ്രായോഗികവും സാമൂഹികവും വൈയക്തികവുമായ എല്ലാ കാര്യങ്ങളിലും തിരുദൂതരാവണം വഴികാട്ടി. നബിചര്യ പിന്തുടരുകയെന്നാൽ ഇതാണർഥം.

ഖുർആൻ പറയുന്നു:

"റസൂൽ നിങ്ങൾക്കനുവദിച്ചത് സ്വീകരിക്കുക; അദ്ദേഹം വിരോധിച്ചത് നിരാകരിക്കുക." (59:7)

റസൂൽ പറഞ്ഞു:

'യഹൂദികൾ വിഘടിച്ചു എഴുപത്തൊന്നു മതശാഖകളായി; ക്രിസ്ത്യാനികൾ എഴുപത്തി രണ്ടും. മുസ്‌ലിംകൾ വിഘടിച്ചു എഴുപത്തിമൂന്നു അവാന്തരവിഭാഗങ്ങളാകും.' (സുനനു അബീദാവൂദ്, ജാമിഉത്തിർമിദി, സുനനു ദാരിമി, മുസ്നദുബ്നു ഹമ്പൽ)

യഹൂദികളുടെയും ക്രിസ്ത്യാനികളുടെയും ഇടയിലുള്ളതിനേക്കാൾ അവാന്തരവിഭാഗങ്ങൾ മുസ്‌ലിംകൾക്കിടയിൽ ഉണ്ടായിത്തീരും എന്നാണ്, അല്ലാതെ മുസ്‌ലിംകൾക്കിടയിൽ എഴുപത്തി മൂന്ന് വിഭാഗങ്ങളെ എണ്ണിക്കണക്കാക്കാം എന്നല്ല, അറബി ഭാഷയിൽ ഇപ്പറഞ്ഞതിനർഥം.

റസൂൽ തുടർന്നു പറഞ്ഞു:

'ആ വിഭാഗങ്ങളിൽ ഒന്നൊഴികെ എല്ലാവരും നരകത്തിൽ ചെല്ലും.'

ആ ഒരു വിഭാഗം ഏതെന്നാരാഞ്ഞപ്പോൾ റസൂൽ പ്രതിവചിച്ചു:

'എന്റെയും എന്റെ സഹചാരികളുടെയും ആശയാദർശങ്ങൾ ആധാരമാക്കുന്ന കക്ഷി.'

ഖുർആനിലെ ചില സൂക്തങ്ങൾ ഇക്കാര്യം ഒരു തെറ്റുധാരണക്കും ഇടവരുത്താതെ ഇപ്രകാരം വ്യക്തമാക്കുന്നു:

"ഇല്ല, നിന്റെ രക്ഷിതാവാണ, അവർക്കിടയിൽ തർക്കവിഷയകമായ കാര്യങ്ങളിൽ നിന്നെ വിധികർത്താവാക്കുകയും നിന്റെ വിധിത്തീർപ്പിൽ ഒരു നീരസവും തോന്നാതിരിക്കുകയും സർവാത്മനാ കീഴടങ്ങുകയും ചെയ്യാത്ത കാലത്തോളം അവർ വിശ്വാസികളാകുകയില്ല." (4:65)

"റസൂലേ, പറയുക: നിങ്ങൾ അല്ലാഹുവിനെ സ്നേഹിക്കുന്നുവെങ്കിൽ എന്റെ മാതൃക പിന്തുടരുക; അല്ലാഹു നിങ്ങളെ സ്നേഹിക്കും, നിങ്ങളുടെ പാപങ്ങൾ പൊറുക്കും. ഏറെ പൊറുക്കുന്നവനും കരുണാനിധിയുമല്ലോ അല്ലാഹു. പറയുക: അല്ലാഹുവിനെയും റസൂലിനെയും അനുസരിപ്പിൻ. അവർ വിമുഖരാവുന്നുവെങ്കിൽ, നോക്കൂ! സത്യനിഷേധികളെ അല്ലാഹു ഇഷ്ടപ്പെടുന്നില്ല." (3: 31-32)

അതുകൊണ്ട്, ഖുർആനും പിന്നെ മുഹമ്മദ് നബിയുടെ മാതൃകയുമാണ് വ്യക്തിജീവിതത്തിലും സമൂഹത്തിലും പിന്തുടരേണ്ട ഇസ്‌ലാമിക നിയമം. ഖുർആനികാധ്യാപനങ്ങളുടെ ഒരേയൊരു ആധികാരിക വ്യാഖ്യാനമാണ് റസൂലിന്റെ സുന്നത്ത്. വ്യാഖ്യാനങ്ങളിൽ വരുന്ന ഭിന്നാഭിപ്രായങ്ങളും പ്രയോഗത്തിൽ വരുത്തുമ്പോൾ ഉണരുന്ന സംശയങ്ങളും ദൂരീകരിക്കാൻ സുന്നത്തിനെത്തന്നെ ആശ്രയിച്ചേ മതിയാവൂ. ഉപമാരൂപമായ സൂക്തങ്ങൾ കുറെയുണ്ടല്ലോ ഖുർആനിൽ. സുനിശ്ചിതമായ ഒരു രീതി അവലംബിക്കുന്നില്ലെങ്കിൽ അവയുടെ വ്യാഖ്യാനങ്ങൾ പലവിധത്തിലാവും. അതുപോലെ, പ്രായോഗിക പ്രാധാന്യമുണ്ടെങ്കിലും ഊന്നിപ്പറയാത്ത പല നിർദേശങ്ങളുമുണ്ട് ഖുർആനിൽ. ഖുർആൻ ആദ്യന്തം ഒരേ ആശയവും ആദർശവുമാണ് അവതരിപ്പിക്കുന്നതെന്നത് ശരി. എന്നാൽ മേൽപറഞ്ഞ കാരണങ്ങളാൽ അവ്യക്തവും അപൂർണവുമെന്ന് തോന്നുന്ന ഖുർആനികാധ്യാപനങ്ങൾക്ക് അനുമാനങ്ങളെ ആശ്രയിച്ച് വ്യാഖ്യാനം ചമച്ച് ജീവിതം ചിട്ടപ്പെടുത്തുമ്പോൾ സൂക്ഷിക്കണം. ഖുർആൻ അല്ലാഹുവിൽനിന്നു വെളിപ്പെട്ട അറിവാണ്, അതിന്റെ രൂപവും ഉള്ളടക്കവും

**ഖുർആനും പിന്നെ മുഹമ്മദ് നബിയുടെ മാതൃകയുമാണ് വ്യക്തി ജീവിതത്തിലും സമൂഹത്തിലും പിന്തുടരേണ്ട ഇസ്‌ലാമിക നിയമം. ഖുർആനികാധ്യാപനങ്ങളുടെ ഒരേയൊരു ആധികാരിക വ്യാഖ്യാനമാണ് റസൂലിന്റെ സുന്നത്ത്. വ്യാഖ്യാനങ്ങളിൽ വരുന്ന ഭിന്നാഭിപ്രായങ്ങളും പ്രയോഗത്തിൽ വരുത്തുമ്പോൾ ഉണരുന്ന സംശയങ്ങളും ദൂരീകരിക്കാൻ സുന്നത്തിനെത്തന്നെ ആശ്രയിച്ചേ മതിയാവൂ.**

കുറ്റമറ്റതാണ് – ഇതാണ് നമ്മുടെ വിശ്വാസം. അപ്പോൾ, ഖുർആനികാധ്യാപനങ്ങളനുസരിച്ച് നമ്മുടെ ജീവിതം ചിട്ടപ്പെടുത്താൻ ഒരേയൊരു വഴിയേയുള്ളൂ: മുഹമ്മദ് നബിയുടെ ജീവിതമാതൃക നിരുപാധികം പിന്തുടരുക. പ്രവാചകജീവിതം ഖുർആന്റെ വ്യാഖ്യാനമാകയാൽ നമ്മുടെ സ്വന്തവും സ്വതന്ത്രവുമായ സമീപനം ഒഴിവാക്കുക.

ആരിലൂടെയാണോ ഖുർആൻ മനുഷ്യർക്കു അവതരിച്ചുകിട്ടിയത് ആ വ്യക്തിമാത്രമാണ് ഖുർആനികാധ്യാപനങ്ങളുടെ ഏറ്റവും യോഗ്യനായ വ്യാഖ്യാതാവ് എന്ന് നമ്മുടെ യുക്തിബോധം സമ്മതിക്കുന്നു. എന്നിട്ടും നമ്മൾ ഇക്കാലത്ത് കേൾക്കുന്ന ഒരു മുദ്രാവാക്യം നോക്കുക:

'ഖുർആനിലേക്ക് മടങ്ങുക. സുന്നത്തിന് അടിമപ്പണിയെടുക്കുന്നത് അവസാനിപ്പിക്കുക.'

വിവരക്കേടാണിത്. ഇസ്ലാമിനെക്കുറിച്ചുള്ള അജ്ഞത. ഒരു കൊട്ടാരത്തിന്റെ കവാടം തുറന്ന് അകത്തുകടക്കാൻ അവസരം ലഭിക്കുമ്പോൾ അതിനുള്ള യഥാർഥ താക്കോൽ ഉപയോഗിക്കാൻ കൂട്ടാക്കാതിരിക്കുന്ന ഒരാളെ ഓർമിപ്പിക്കുന്നു ഈ മുദ്രാവാക്യം!

അതുകൊണ്ട്, മുഹമ്മദ് നബിയുടെ ജീവിതത്തെക്കുറിച്ചുള്ള വിവരം, അദ്ദേഹത്തിന്റെ വാക്കുകളും പ്രവൃത്തികളും നാം അറിയുന്നത് എങ്ങനെ എന്നതാണ് സുപ്രധാന ചോദ്യം. ഹദീസുകളിലൂടെയാണത്. ദൂതരുടെ ദേഹവിയോഗാനന്തരം ആദ്യനൂറ്റാണ്ടുകളിൽ സമാഹരിക്കപ്പെടുകയും സൂക്ഷ്മപരിശോധന നടത്തി സ്വീകരിക്കപ്പെടുകയും ചെയ്ത, നബിയുടെ സഹചരന്മാർ നൽകിയ വിവരങ്ങളാണ് ഹദീസുകൾ. ഇന്നു പല മുസ്ലിംകളും ഈ ഹദീസുകളുടെ ആധികാരികതയെ ചോദ്യം ചെയ്യുന്നു. അതുകൊണ്ട് സുന്നത്ത് പിന്തുടരാൻ അവർ വൈമുഖ്യം കാണിക്കുന്നു.

ഈ നിലപാട് ശരിയാണോ? ഹദീസുകളെ നിരാകരിക്കാൻ എന്താണ് ഇവർക്കുള്ള ന്യായം? യുക്തിസഹമായ ഒരു ന്യായവും മുന്നോട്ടുവെക്കുന്നതല്ല ഇന്നേവരെയുള്ള അവരുടെ 'ശാസ്ത്രീയ ഗവേഷണങ്ങൾ'. ഏതു യൂറോപ്യൻ ചരിത്രകാരനേക്കാളും സൂക്ഷ്മത പാലിച്ച് പരിശോധന നടത്തിയാണല്ലോ സമാഹർത്താക്കൾ, വിശിഷ്യാ ഇമാം ബുഖാരിയും മുസ്ലിമും, ഹദീസുകൾ ക്രോഡീകരിച്ചത്. അതുകൊണ്ട് ഹദീസ് നിരാകരണത്തിനു ന്യായയുക്തമായ കാരണം കണ്ടെത്താൻ സ്വാഭാവികമായും അവർ വളരെ ബുദ്ധിമുട്ടുന്നു.

ഹദീസുകളുടെ വിശ്വാസ്യതയും ആധികാരികതയും ഉറപ്പുവരുത്താൻ ഒരു ശാസ്ത്രീയ ഗവേഷണശാഖ തന്നെ ഉരുത്തിരിഞ്ഞിട്ടുണ്ട്. ഓരോ ഹദീസിന്റെയും രൂപം, ഉള്ളടക്കം, നിവേദനം ചെയ്യപ്പെട്ട വഴി, നിവേദകരുടെ ശൃംഖലയിലെ ഓരോ വ്യക്തിയുടെയും ജീവചരിത്രം – എല്ലാം കൂലങ്കഷമായ പരിശോധനക്കു വിധേയമാക്കപ്പെടുന്നു. തികച്ചും സത്യസന്ധവും വിശ്വാസയോഗ്യവുമെന്ന് ബോധ്യംവരുത്തിയാണ് ഓരോ ഹദീസും സ്വീകരിക്കപ്പെടുന്നത്. അതുകൊണ്ട് ഏതെങ്കിലും ഒരു ഹദീസിനെ ചോദ്യം ചെയ്യുന്നവർ അതിനെ അസ്വീകാര്യമാക്കുന്ന വ്യക്തമായ തെളിവുകൾ ഹാജരാക്കേണ്ടിവരും.

ഒരു ഉദാഹരണമെടുക്കാം: ഇന്ത്യാചരിത്രം സംസാരവിഷയമായ ഒരു സദസ്സിൽനിന്ന് ഒരാൾ എഴുന്നേറ്റുനിന്ന് പറയുന്നു:

'മഹ്മൂദ് ഗസ്നിയോ! അങ്ങനെയൊരാൾ ഇന്ത്യയിൽ വന്നിട്ടേയില്ല. അയാളുടെ ആക്രമണങ്ങളെക്കുറിച്ചുള്ള വിവരണം ചരിത്രസത്യമല്ല, കെട്ടുകഥയാണ്.'

ഇതുകേൾക്കുമ്പോൾ വിഖ്യാതനായ ഒരു ചരിത്രകാരൻ മഹ്മൂദ് ഗസ്നി ഇന്ത്യയിൽ വന്നിരുന്നു എന്നു തെളിയിക്കുന്ന ചരിത്രരേഖകൾ മുന്നോട്ടുവെക്കുന്നു. ആദ്യത്തെയാൾ അതംഗീകരിക്കാൻ കൂട്ടാക്കുന്നില്ലെങ്കിൽ അയാളുടെ ബുദ്ധിക്ക് എന്തോ തകരാറുണ്ട്. ഇതല്ലേ ഹദീസ് നിഷേധിക്കുന്നവരുടെ അവസ്ഥ? ഏതെങ്കിലും ഒരു ഹദീസ് സ്വീകാര്യമല്ലെങ്കിൽ അതങ്ങ് വെറുതെ പറഞ്ഞാൽ പോരല്ലോ. ചരിത്രപരമായ തെളിവുകൾ അതിനെതിരെ ഹാജരാക്കേണ്ടതില്ലയോ!

ഒരു ഹദീസ് വ്യാജമാവണമെങ്കിൽ, ഒന്നുകിൽ പ്രവാചകന്റെ സഹചരന്മാരിലൊരാൾ, ആ ഹദീസിന്റെ ഉറവിടം, അല്ലെങ്കിൽ നിവേദകരുടെ പരമ്പരയിലാരെങ്കിലും മനഃപൂർവം കള്ളംപറഞ്ഞുവെന്ന് വരണം. പ്രവാചകസഹചരന്മാർ മനഃപൂർവം കള്ളം പറയില്ലെന്നുറപ്പ്. മനഃശാസ്ത്രദൃഷ്ട്യാ അതിനൊരു സാധ്യതയുമില്ല. കാരണം, അല്ലാഹുവുമായി നേരിട്ടു ബന്ധപ്പെടുന്ന പ്രവാചകനോടൊപ്പം സഹവസിച്ചവർ നബിയെപ്പറ്റി അങ്ങേയറ്റം ഭയഭക്തിയോടെയല്ലാതെ ഒരക്ഷരം മിണ്ടുകയില്ല. ചരിത്രവസ്തുതകൾ ഇതിനു തെളിവാണ്. അല്ലാഹുവിന്റെ ദൂതരുടെ പ്രീതിക്കായി സ്വന്തത്തെയും സ്വന്തമെന്നെണ്ണുന്ന എല്ലാറ്റിനെയും ത്യജിക്കാൻ സന്നദ്ധരായവരിൽ ഒരാൾ അവിടുത്തെക്കുറിച്ച് എന്തുപറയുമ്പോഴും ഏറ്റവും ജാഗ്രത പാലിക്കും. അല്ലാഹുവിന്റെ ദൂതൻ പറഞ്ഞു: 'കരുതിക്കൂട്ടി എന്നെപ്പറ്റി കള്ളം പറയുന്നത് ആരായാലും നരകത്തിലായിരിക്കും ആ വ്യക്തിയുടെ വാസം.' ഈ തിരുമൊഴിയുടെ ഗൗരവം ഗ്രഹിച്ചവരാണ് സ്വഹാബികൾ. അല്ലാഹുവിന്റെ പ്രമാണമാണ് തിരുദൂതരിലൂടെ വെളിപ്പെടുന്നതെന്ന കാര്യത്തിൽ അവർക്കൊരു സംശയവുമില്ലായിരുന്നു. അങ്ങനെയുള്ള സ്വഹാബികളിൽ ഒരാൾ വ്യാജവാർത്ത പ്രചരിപ്പിക്കുമെന്ന് കരുതാൻ മനശ്ശാസ്ത്രപരമായി ഒരു സാധ്യതയുമില്ല.

'ഈ കുറ്റകൃത്യംകൊണ്ട് ആർക്കാണ് പ്രയോജനം?' ഇതാണ് ഒരു ക്രിമിനൽകേസ് മുന്നിൽ വന്നാൽ ന്യായാധിപനെ അഭിമുഖീകരിക്കുന്ന ആദ്യചോദ്യം. കോടതിവിധിനിർണയത്തിനുള്ള ഈ അടിസ്ഥാനപ്രമാണം ഹദീസിന്റെ കാര്യത്തിലും പ്രയോഗിക്കാം. ചില വ്യക്തികളുടെയോ കക്ഷികളുടെയോ സാമൂഹികപദവിയുമായി നേരിട്ടു ബന്ധമുള്ള ഹദീസുകളുടെ കാര്യത്തിലൊഴികെ വ്യാജഹദീസുകൊണ്ടുള്ള പ്രയോജനം ആരോപിക്കാനാവില്ല. ഉദാഹരണമായി, പ്രവാചകന്റെ വേർപാടിനുശേഷം ആദ്യനൂറ്റാണ്ടിൽ വിവിധ കക്ഷികളുടെ പക്ഷത്തു നിന്നുണ്ടായ അവകാശവാദങ്ങളെടുക്കുക. അതുമായി ബന്ധപ്പെട്ട മിക്ക വ്യാജഹദീസുകളും ഹദീസ് പണ്ഡിതന്മാർ തള്ളിക്കളയുന്നു. കക്ഷിരാഷ്ട്രീയവു

**ആരിലൂടെയാണോ ഖുർആൻ മനുഷ്യർക്കു അവതരിച്ചുകിട്ടിയത് ആ വ്യക്തിമാത്രമാണ് ഖുർആനികാധ്യാപനങ്ങളുടെ ഏറ്റവും യോഗ്യനായ വ്യാഖ്യാതാവ് എന്ന് നമ്മുടെ യുക്തിബോധം സമ്മതിക്കുന്നു. എന്നിട്ടും നമ്മൾ ഇക്കാലത്ത് കേൾക്കുന്ന ഒരു മുദ്രാവാക്യം നോക്കുക: 'ഖുർആനിലേക്ക് മടങ്ങുക. സുന്നത്തിന് അടിമപ്പണിയെടുക്കുന്നത് അവസാനിപ്പിക്കുക.' വിവരക്കേടാണിത്. ഇസ്ലാമിനെക്കുറിച്ചുള്ള അജ്ഞത.**

മായി ബന്ധമുള്ള ഹദീസുകളൊന്നുംതന്നെ ഇമാം ബുഖാരിയും ഇമാം മുസ്‌ലിമും സമാഹാരത്തിൽ ഉൾപ്പെടുത്തിയിട്ടില്ല. ചില വ്യക്തികളുടെയോ കക്ഷികളുടെയോ സ്ഥാപിത താൽപര്യം ആ ഹദീസുകളുടെ ഉള്ളടക്കത്തിലുണ്ടെന്നു കണ്ടതുകൊണ്ടാവണം അവർ അങ്ങനെ ചെയ്തത്. ആരുടെയും സ്ഥാപിതതാൽപര്യം സംശയിക്കാനില്ലാത്ത ഹദീസുകൾ മാത്രമാണ് അവർ സ്വീകരിച്ചത്.

ഒരു ഹദീസിന്റെ ആധികാരികത ചോദ്യം ചെയ്യപ്പെടാൻ ഒരു ന്യായം തീർച്ചയായുമുണ്ട്: പ്രവാചകനിൽനിന്ന് നേരിട്ടു കേട്ട സ്വഹാബിക്കോ നിവേദകരിൽ ഒരാൾക്കോ അത് വെളിപ്പെടുത്തിയപ്പോൾ വാക്കിൽ പിശക് സംഭവിച്ചിരിക്കാം എന്നതാണത്. സ്വഹാബിമാരുടെ സത്യസന്ധതയും വിശ്വസ്തതയും സംശയാതീതമാണെങ്കിലും പ്രവാചകമൊഴികൾ മനസ്സിലാക്കിയത് ശരിയാംവിധമല്ലാതെ വന്നതിനാലോ, ഓർമപ്പിശക് മൂലമോ, മറ്റേതെങ്കിലും മാനസിക ഹേതുവാലോ പിണഞ്ഞ



**ഒരു ഹദീസ് വ്യാജമാവണമെങ്കിൽ, ഒന്നുകിൽ പ്രവാചകന്റെ സഹചരന്മാരിലൊരാൾ, ആ ഹദീസിന്റെ ഉറവിടം, അല്ലെങ്കിൽ നിവേദകരുടെ പരമ്പരയിലാരെങ്കിലും മനഃപൂർവം കള്ളംപറഞ്ഞുവെന്ന് വരണം. പ്രവാചകസഹചരന്മാർ മനഃപൂർവം കള്ളം പറയില്ലെന്നുറപ്പ്. മനഃശാസ്ത്രദൃഷ്ട്യാ അതിനൊരു സാധ്യതയുമില്ല. കാരണം, അല്ലാഹുവുമായി നേരിട്ടു ബന്ധപ്പെടുന്ന പ്രവാചകനോടൊപ്പം സഹവസിച്ചവർ നബിയെപ്പറ്റി അങ്ങേയറ്റം ഭയഭക്തിയോടെയല്ലാതെ ഒരക്ഷരം മിണ്ടുകയില്ല. ചരിത്രവസ്തുതകൾ ഇതിനു തെളിവാണ്. അല്ലാഹുവിന്റെ ദൂതരുടെ പ്രീതിക്കായി സ്വന്തത്തെയും സ്വന്തമെന്നെണ്ണുന്ന എല്ലാറ്റിനെയും ത്യജിക്കാൻ സന്നദ്ധരായവരിൽ ഒരാൾ അവിടുത്തെക്കുറിച്ച് എന്തുപറയുമ്പോഴും ഏറ്റവും ജാഗ്രത പാലിക്കും.**

അബദ്ധമാവാം അത്. എന്നാൽ, സ്വഹാബിമാരുടെ പക്ഷത്ത് തിരുമൊഴികൾ ഗ്രഹിച്ചതിലോ വെളിപ്പെടുത്തിയതിലോ അബദ്ധം പിണയാനിടയുണ്ടോ എന്നൊരു ചോദ്യമുണ്ട്. ഇല്ല എന്നാണ് അതിനുള്ള ഉത്തരം. ചരിത്രത്തിൽ അവരുടെ മനശ്ശാസ്ത്രം വായിച്ചെടുത്ത് നമുക്ക് അതിനുള്ള തെളിവുകൾ നൽകാൻ കഴിയും. തിരുദൂതരോടൊപ്പം സഹവസിച്ച ഓരോ സ്വഹാബിയും അവിടുത്തെ വാക്കുകൾക്കും പ്രവൃത്തികൾക്കും കൽപിച്ച പ്രാമുഖ്യവും പ്രാധാന്യവും പരമമായിരുന്നു. തിരുദൂതരിലൂടെ പ്രകാശിതമാവുന്നത് അല്ലാഹുവിന്റെ പ്രമാണമാണെന്ന് അറിഞ്ഞ അവർ, അവിടുത്തെ മാർഗനിർദേശങ്ങളും മാതൃകയുമനുസരിച്ച് ജീവിതം ചിട്ടപ്പെടുത്തുന്നതിൽ അങ്ങേയറ്റം ജാഗരൂകരായിരുന്നു. വ്യക്തിപരമായി ഏറെ ബുദ്ധിമുട്ടുകൾ സഹിച്ച് പ്രവാചകമൊഴികൾ ഹൃദിസ്ഥമാക്കാൻ അവർ ബദ്ധശ്രദ്ധരായി. ഒന്നും വിട്ടുപോകാതിരിക്കാൻ ഈരണ്ടുപേരായാണ് പ്രവാചകനെ അവർ സേവിച്ചത്. ഒരാൾ ഏതു നേരത്തും കൂടെയുണ്ടാവും. അപരൻ ഉപജീവനം തേടിപ്പോകും. ഇപ്രകാരം മാറി മാറി പ്രവാചകനോടൊപ്പം സഹവസിച്ച അവർ എല്ലാ വിവരവും പരസ്പരം കൈമാറും. അതുകൊണ്ട് പ്രവാചകനിൽനിന്ന് ഒരു കാര്യം ഗ്രഹിക്കുന്നതിൽ പിശക് പറ്റാൻ സാധ്യതയില്ല എന്നുതന്നെ പറയാം. ഖുർആൻ സൂക്തങ്ങൾ ഹൃദിസ്ഥമാക്കുന്നതിൽ എത്രത്തോളം ബദ്ധശ്രദ്ധരായിരുന്നോ അത്രത്തോളം തന്നെ അവധാനപൂർവം ഹദീസുകളും അവർ ഓർമയിൽ സൂക്ഷിച്ചു. അതിനാൽ, ഏതെങ്കിലും ഹദീസിൽ കൂട്ടിച്ചേർക്കലോ വിട്ടുകളയലോ ഉണ്ടായി എന്നു കരുതാൻ ന്യായമില്ല.

കൂടാതെ, ഐകരൂപ്യമുള്ളവയാണ് ഹദീസ്പണ്ഡിതന്മാരാൽ ആധികാരികമെന്ന് നിർണയിക്കപ്പെട്ടതും സ്വീകൃതവുമായ പ്രവാചകമൊഴികൾ. സ്വതന്ത്രവും വ്യത്യസ്തവുമായ നിവേദകശൃംഖലയിലൂടെയാണ് കൈമാറപ്പെട്ടതെങ്കിലും രണ്ടോ ചിലപ്പോൾ കൂടുതലോ നിവേദകർ ഹദീസ് കുറ്റമറ്റതും അംഗീകരിക്കാവുന്നതുമാണെന്ന് (സ്വഹീഹ്) സാക്ഷ്യപ്പെടുത്തേണ്ടതുണ്ട് നിവേദനത്തിന്റെ ഓരോ ഘട്ടത്തിലും.

ഇതെല്ലാം കണക്കിലെടുത്താലും ഒരു ഖുർആൻ സൂക്തത്തിന്റെ സ്ഥാനമോ പ്രാമാണികതയോ ഒരു ഹദീസിനും കൽപിക്കുന്നില്ല ഒരു മുസ്‌ലിമും. കുറ്റമറ്റതാണോ ഒരു ഹദീസ് എന്നു നിരന്തരം പരിശോധിക്കപ്പെടുന്നുമുണ്ട്. അസംഖ്യം വ്യാജഹദീസുകളുടെ കാര്യം, പാശ്ചാത്യവിമർശകർ കരുതും പോലെ, ഒരിക്കലും ഗൗനിക്കാതിരുന്നിട്ടില്ല ഹദീസ് പണ്ഡിതന്മാർ. സൂക്ഷ്മ പരിശോധനക്ക് ശേഷം മാത്രമാണ് ഓരോ ഹദീസും അംഗീകൃതമാവുന്നത്. അതുകൊണ്ട്, വ്യാജഹദീസുകൾ പ്രചാരത്തിലുണ്ടെന്ന് കണ്ട് എല്ലാ ഹദീസുകളും നിരാകരിക്കപ്പെടണമെന്ന വാദം, ഏതെങ്കിലും അറബിക്കഥയിൽ പ്രതിപാദിക്കപ്പെടുന്നതുകൊണ്ട് ഒരു ചരിത്രസത്യം സ്വീകാര്യമല്ലെന്നു പറയുംപോലെ നിരർഥകമാണ്.

ഇക്കാലത്തെ അധാർമികവും അനിസ്‌ലാമികവുമായ ജീവിതസമ്പ്രദായങ്ങളുമായി പൊരുത്തപ്പെട്ടുപോകാനുള്ള വ്യഗ്രതയാണ് ആധുനിക വിമർശകരെ ഹദീസുകൾക്കെതിരെ തിരിയാൻ യഥാർഥത്തിൽ പ്രേരിപ്പിക്കുന്നത്. ഹദീസുകൾ സ്വീകാര്യമല്ലെന്ന് വരുത്തിത്തീർത്താൽ അവർക്ക് ഖുർആൻ തോന്നിയപോലെ വ്യാഖ്യാനിച്ച് തോന്നിയ പോലെ ജീവിക്കാം.

സന്മാർഗികവും പ്രായോഗികവും വൈയക്തികവും സാമൂഹികവുമായ ജീവിതത്തിൽ അസാമാന്യ പദവി വഹിക്കുന്ന ഇസ്‌ലാമിക നിയമാവലി അങ്ങനെ അവർക്ക് കാറ്റിൽ പറത്താം.

റസൂലിന്റെ സുന്നത്ത് പിന്തുടരുകയും പാശ്ചാത്യരുടെ ജീവിതശൈലി അനുകരിക്കുകയും ചെയ്തു ജീവിക്കാൻ ഒരേ സമയം സാധ്യമല്ലല്ലോ. മുസ്‌ലിം ബുദ്ധിജീവികൾ എന്നു പറയപ്പെടുന്നവർ ആഗ്രഹിക്കുന്നത് അതാണ്. പാശ്ചാത്യമായ എന്തിനെയും മുസ്‌ലിംകൾ ഇന്ന് ഇരുകൈയും നീട്ടി പുണരുന്നു. ആധുനിക നാഗരികത അവരെ ഹഠാദാകർഷിക്കുന്നത് അത് പാശ്ചാത്യമായതുകൊണ്ടു മാത്രം. ഈ പാശ്ചാത്യവത്കരണമാണ് സുന്നത്തിനെ തള്ളിപ്പറയാനുള്ള മുഖ്യ പ്രേരണ. പാശ്ചാത്യ നാഗരികതയുടെ അടിസ്ഥാനാദർശങ്ങൾക്ക് എതിരാണല്ലോ സുന്നത്ത്. അതുകൊണ്ടാണവർ സുന്നത്തിനെതിരെ തിരിയാൻ നിർബന്ധിതരാവുന്നത്.

എന്തുകൊണ്ടാണ് ഹദീസുകളെ ആശ്രയിച്ചുകൊണ്ടല്ലാതെ ഒരാൾക്കും യഥാർഥ ഇസ്‌ലാമികജീവിതം നയിക്കാനാവില്ലെന്ന് വരുന്നത്? ഏതു നിസ്സാരകാര്യത്തിനും പ്രവാചകമാതൃക പിന്തുടർന്നാലേ ജീവിതം ഇസ്‌ലാമികമാവൂ എന്നുണ്ടോ? പ്രവാചകനോളം ശ്രേഷ്ഠനായ വേറൊരു മനുഷ്യനില്ല എന്നത് നേര്. എന്നാലും പ്രവാചകന്റെ ഓരോ വാക്കും പ്രവൃത്തിയും അനുകരിച്ചുവേണം ജീവിതം ചിട്ടപ്പെടുത്തുക എന്ന് വരുന്നത് മനുഷ്യന്റെ വ്യക്തിസ്വാതന്ത്ര്യത്തിന്മേലുള്ള കൈയേറ്റമല്ലേ? -ഇസ്‌ലാമിനെ കണ്ടുകൂടാത്ത വിമർശകർ പണ്ടേ ഉന്നയിക്കുന്ന ചോദ്യങ്ങൾ. ഇസ്‌ലാമികലോകത്തിന്റെ ജീർണതക്കുള്ള കാരണങ്ങളിൽ മുഖ്യമായ ഒന്ന്, സുന്നത്ത് പിന്തുടരുന്നതിലുള്ള കടുംപിടുത്തമാണെന്ന് അവർ വാദിക്കുന്നു. ഇത് വ്യക്തിയെ നിസ്സഹായാവസ്ഥയിലാക്കുകയും സമൂഹത്തിന്റെ വികസനത്തിനും പുരോഗതിക്കും കൂച്ചുവിലങ്ങ് തീർക്കുകയും ചെയ്യുന്നുവെന്ന് അവർ സിദ്ധാന്തിക്കുന്നു. സുന്നത്തിനെതിരായ ഈ നീക്കത്തെ നാം എങ്ങനെ നേരിടുന്നു എന്നതിനെ ആശ്രയിച്ചിരിക്കും ഇസ്‌ലാമിന്റെ ഭാവി.

ഇസ്‌ലാം നിഗൂഢാർഥപ്രധാനമായ ഒരു വരട്ടുവാദത്തെയല്ല അടിസ്ഥാനമാക്കുന്നതെന്ന് നാം അഭിമാനിക്കുന്നുണ്ടല്ലോ. യുക്തിക്ക് മുന്നിൽ വിമർശനത്തിനുള്ള എല്ലാ വാതിലുകളും അത് തുറന്നുകൊടുക്കുന്നു. അതുകൊണ്ട്, സുന്നത്തുകൾ പിന്തുടരാൻ എന്തുകൊണ്ട് ബാധ്യസ്ഥരായി എന്നു മാത്രം മനസ്സിലാക്കിയാൽ പോരാ നമ്മൾ. അതിനുള്ള സഹജമായ കാരണം കൂടി അറിഞ്ഞിരിക്കണം.

ഇസ്‌ലാം മനുഷ്യന്റെ എല്ലാ ജീവിത വ്യാപാരങ്ങളിലും ഏകീഭാവം വരുത്തുന്നുണ്ടല്ലോ. ആ ലക്ഷ്യത്തിലേക്കുള്ള മാർഗമെന്ന നിലയിൽ ഇസ്‌ലാമിന്റെ വിഭാവനകൾക്കെല്ലാം ഒരു സാകല്യമുണ്ട്. അതിൽ ഒന്നും കൂട്ടിച്ചേർക്കാനാവില്ല. അതിൽനിന്ന് ഒന്നും വിട്ടുകളയാനുമാവില്ല. സാരസംഗ്രഹവാദത്തിന് ഇസ്‌ലാമിൽ ഇടമില്ല. ഖുർആന്റേതും മുഹമ്മദ് നബി(സ)യുടേതുമെന്ന് തിരിച്ചറിയുന്ന അധ്യാപനങ്ങൾ അപ്പടി അംഗീകരിച്ചേ തീരൂ. അല്ലെങ്കിൽ അവക്ക് വിലയില്ലാതാവും. യുക്തിക്ക് പ്രാമുഖ്യം നൽകുന്ന മതമെന്ന് കണ്ട് ഇസ്‌ലാമിനെക്കുറിച്ച് ഒരു തെറ്റിദ്ധാരണയുണ്ട്: വ്യക്തികൾക്ക് അതിന്റെ അധ്യാപനങ്ങളിൽ തെരഞ്ഞെടുപ്പിനുള്ള അവകാശമുണ്ടെന്ന്. യുക്തിവാദ പ്രസ്ഥാനമാണ് ഇങ്ങനെയൊരു തെറ്റിദ്ധാരണക്ക് കളമൊരുക്കിയത്. ഇന്ന് പൊതുവെ മനസ്സിലാക്കപ്പെടുന്നതരം യുക്തിവാദവും, യുക്തിവിചാരവും തമ്മിൽ അജഗജാന്തരമുണ്ട്. നിയന്ത്രണ സ്വഭാവമുള്ളതാണ് മതാധ്യാപനങ്ങളെക്കുറിച്ച യുക്തിവിചാരം. ദാർശനികമായ ചെപ്പടിവിദ്യകളുടെ സഹായം കൂടാതെ മനുഷ്യ മനസ്സിന് ഉൾക്കൊള്ളാനാവാത്തതൊന്നും അടിച്ചേൽപിക്കപ്പെടാതിരിക്കാൻ ജാഗ്രത പുലർത്തലാണ് മതകാര്യങ്ങളിലുള്ള യുക്തിവിചാരം. ഇസ്‌ലാമിന്റെ കാര്യത്തിൽ കാലാകാലങ്ങളിൽ യുക്തിവിചാരം അത് ഏതുമേ മടിയാതെ പിന്താങ്ങിയിട്ടുണ്ട്. മനുഷ്യന് മനസ്സിലാക്കാനാവാത്ത കാര്യങ്ങളിലുള്ള വിശ്വാസം ഇസ്‌ലാമിലുണ്ടെന്നത് ശരി. എന്നാൽ, മനുഷ്യബുദ്ധിക്ക് വിരുദ്ധമായ ഒന്നുമില്ല.

**പ്രവാചകന്റെ വേർപാടിനുശേഷം ആദ്യനൂറ്റാണ്ടിൽ വിവിധ കക്ഷികളുടെ പക്ഷത്തു നിന്നുണ്ടായ അവകാശവാദങ്ങളെടുക്കുക. അതുമായി ബന്ധപ്പെട്ട മിക്ക വ്യാജഹദീസുകളും ഹദീസ് പണ്ഡിതന്മാർ തള്ളിക്കളയുന്നു. കക്ഷിരാഷ്ട്രീയവുമായി ബന്ധമുള്ള ഹദീസുകളൊന്നുംതന്നെ ഇമാം ബുഖാരിയും ഇമാം മുസ്‌ലിമും സമാഹാരത്തിൽ ഉൾപ്പെടുത്തിയിട്ടില്ല. ചില വ്യക്തികളുടെയോ കക്ഷികളുടെയോ സ്ഥാപിതതാൽപര്യം ആ ഹദീസുകളുടെ ഉള്ളടക്കത്തിലുണ്ടെന്നു കണ്ടതുകൊണ്ടാവണം അവർ അങ്ങനെ ചെയ്തത്. ആരുടെയും സ്ഥാപിതതാൽപര്യം സംശയിക്കാനില്ലാത്ത ഹദീസുകൾ മാത്രമാണ് അവർ സ്വീകരിച്ചത്.**



മതാധ്യാപനങ്ങളുടെ കാര്യത്തിൽ നിയന്ത്രണ സ്വഭാവമുണ്ടാവും യുക്തിവിചാരത്തിന്- ശരിയും തെറ്റും അടയാളപ്പെടുത്തുക മാത്രം ചെയ്യുന്ന ഒരു ആലേഖനോപകരണം പോലെയാണ് അത് പ്രവർത്തിക്കുക. യുക്തിവാദം എന്നു പറയപ്പെടുന്നതാകട്ടെ ചെയ്യുന്നത് ഇതല്ല. ശരിതെറ്റുകൾ ചൂണ്ടിക്കാട്ടുന്നേ

**അസംഖ്യം വ്യാജഹദീസുകളുടെ കാര്യം, പാശ്ചാത്യവിമർശകർ കരുതുംപോലെ, ഒരിക്കലും ഗൗനിക്കാതിരുന്നിട്ടില്ല ഹദീസ് പണ്ഡിതന്മാർ. സൂക്ഷ്മ പരിശോധനക്ക് ശേഷം മാത്രമാണ് ഓരോ ഹദീസും അംഗീകൃതമാവുന്നത്. അതുകൊണ്ട്, വ്യാജഹദീസുകൾ പ്രചാരത്തിലുണ്ടെന്ന് കണ്ട് എല്ലാ ഹദീസുകളും നിരാകരിക്കപ്പെടണമെന്ന വാദം, ഏതെങ്കിലും അറബിക്കഥയിൽ പ്രതിപാദിക്കപ്പെടുന്നതുകൊണ്ട് ഒരു ചരിത്രസത്യം സ്വീകാര്യമല്ലെന്നു പറയുംപോലെ നിരർഥകമാണ്.**

ടത്ത് അത് നിർത്തുന്നില്ല. അനുമാനങ്ങളിലേക്ക് മറുകണ്ടം ചാടുന്നു. ശുദ്ധ യുക്തിവിചാരത്തെപ്പോലെ ഗ്രഹണക്ഷമമോ (receptive) അപക്ഷപാതിയോ (detached) അല്ല അത്. നേരെ മറിച്ച് അങ്ങേയറ്റം ആത്മനിഷ്ഠമാണ്, ശീലാനുസാരിയാണ്. യുക്തിവിചാരത്തിന് അതിന്റെ പരിമിതികളെക്കുറിച്ച് അറിയാം. എന്നാൽ, ലോകത്തെയും അതിലെ നിഗൂഢതകളെയുമെല്ലാം സ്വന്തം കൈക്കുള്ളിൽ വാരിപ്പിടിക്കാൻ കഴിയുമെന്ന അപഹാസ്യ നിലപാടെടുക്കുന്നു യുക്തിവാദം. തൽക്കാലം അല്ലെങ്കിൽ ഒരിക്കലും മനുഷ്യനു മനസ്സിലാക്കാൻ പറ്റാത്ത കുറേ കാര്യങ്ങൾ പ്രപഞ്ചത്തിലുണ്ടെന്ന് സമ്മതിക്കാൻ, മതം ചർച്ചാവിഷയമാകുമ്പോൾ, അത് കൂട്ടാക്കുന്നില്ല. അതേസമയം ശാസ്ത്രമോ യുക്തിവാദം തന്നെയോ ചർച്ചാവിഷയമാകുമ്പോൾ സംഗതി ശരിയാണെന്ന് സമ്മതിക്കുന്നുമുണ്ട്. യുക്തിശൂന്യമാണ് ഈ നിലപാട്.

നല്ലൊരു ശതമാനം ആധുനിക മുസ്‌ലിംകൾ പ്രവാചക മാർഗനിർദേശങ്ങൾ മുറുകെപ്പിടിക്കാൻ കൂട്ടാക്കാതിരിക്കുന്നതിന്റെ കാരണമിതാണ്: ഭാവനാശൂന്യമായ യുക്തിവാദത്തിന് അവർ അനർഹമായ പ്രാമാണ്യം കൽപിക്കുന്നു. സമ്പൂർണത എന്ന ആശയം ഉൾക്കൊള്ളാൻ സ്വാഭാവികമായും നമ്മുടെ മനസ്സിന് കഴിയില്ലല്ലോ. അനശ്വരമെന്നും അനന്തമെന്നും പറഞ്ഞാൽ എന്താണെന്ന് അറിയാൻ കഴിയില്ല. എന്താണ് ഈ ജീവിതമെന്നുപോലും പറയാനാവില്ല. അതുകൊണ്ട്, അതീന്ദ്രിയമായ അടിസ്ഥാനങ്ങളുള്ള ഒരു മതത്തിലെ കാര്യങ്ങൾ ശരിയാംവിധം മനസ്സിലാക്കാൻ ഒരു വഴികാട്ടി നമുക്ക് വേണം; സാധാരണമല്ലാത്ത ഗ്രാഹകശക്തിയും നമുക്കെല്ലാം പൊതുവായുള്ള ആത്മനിഷ്ഠ യുക്തിവിചാരത്തിനു കഴിവുള്ള മനസ്സിനുടമയായ വഴികാട്ടി- ഒറ്റവാക്കിൽ പറഞ്ഞാൽ ഒരു പ്രവാചകൻ.

ഖുർആൻ അല്ലാഹുവിന്റെ വചനവും മുഹമ്മദ്(സ) അല്ലാഹുവിന്റെ ദൂതനുമാണെന്ന് വിശ്വസിക്കുന്നുണ്ടെങ്കിൽ, ധർമാനുസൃതമായി മാത്രമല്ല ബുദ്ധിപരമായും അദ്ദേഹത്തിന്റെ മാർഗനിർദേശം 'കണ്ണടച്ച്' അനുസരിക്കാൻ ബാധ്യസ്ഥരാണ് നമ്മൾ. 'കണ്ണടച്ച്' എന്നു പറഞ്ഞാലർഥം നമ്മുടെ യുക്തിവിചാര ശക്തി കൈവെടിയണമെന്നല്ല. മറിച്ച്, നമുക്കുള്ള അറിവും കഴിവുമനുസരിച്ച് അത് ഏറ്റവും നന്നായി ഉപയോഗപ്പെടുത്തുകതന്നെ വേണം; നമുക്ക് പിന്തുടരാനുള്ള നബിചര്യകളുടെ ആന്തരാർഥം ഗ്രഹിക്കാൻ ശ്രമിക്കണം. എന്നാൽ, ആന്തരാർഥം ഗ്രഹിച്ചാലും ഇല്ലെങ്കിലും റസൂലിന്റെ കൽപനകൾ എല്ലാം അനുസരിക്കുകതന്നെ വേണം നമ്മൾ.

സേനാവ്യൂഹത്തിൽ ഒരു സ്ഥാനത്ത് നിലയുറപ്പിക്കാൻ പടനായകന്റെ ഉത്തരവ് ലഭിക്കുന്ന ഒരു ഭടനെ ഉദാഹരണമായെടുക്കുക. ഉത്തരവിന്റെ ഉദ്ദേശ്യം അപ്പോൾ അയാൾക്ക് പിടികിട്ടുന്നുണ്ടെങ്കിൽ നല്ലത്. എന്നാൽ, അയാൾക്ക് ഒന്നും മനസ്സിലാവുന്നില്ലെങ്കിലോ; പടനായകനെ ധിക്കരിക്കാനോ ഉത്തരവ് തൽക്കാലം അനുസരിക്കേണ്ടതില്ലെന്ന് വെക്കാനോ പറ്റുമോ ഭടന്? പറ്റില്ല. മനുഷ്യകുലത്തിന് ലഭിച്ച ഏറ്റവും മഹാനായ നായകനായാണ് മുഹമ്മദ് നബി(സ)യെ മുസ്‌ലിംകൾ കാണുന്നത്. ആത്മീയ മണ്ഡലത്തിലെന്നപോലെ സാമൂഹികമേഖലയിലും ഇസ്‌ലാം എവിടെ നിൽക്കണമെന്ന് നമ്മേക്കാൾ നന്നായറിയുന്നത് പ്രവാചകനാണെന്ന് സ്വാഭാവികമായും നമ്മൾ വിശ്വസിക്കുന്നു. നമ്മോട് ചിലത് ചെയ്യാൻ കൽപിക്കുകയും ചിലത് അരുതെന്ന് വിലക്കുകയും ചെയ്യുമ്പോൾ തിരുദൂതർക്ക് എന്തോ 'തന്ത്രപ്രധാനമായ' ഉദ്ദേശ്യമുണ്ട്; മനുഷ്യരുടെ ആത്മീയമോ സാമൂഹികമോ ആയ ക്ഷേമത്തിന് അവശ്യം ആവശ്യമായത്. ചിലപ്പോൾ ആ ഉദ്ദേശ്യം തെളിഞ്ഞുകാണാം; ചിലപ്പോൾ സാധാരണ മനുഷ്യർക്ക് ദൃഷ്ടിഗോചരമല്ലാത്ത വിധം ഒളിഞ്ഞിരിക്കും; ചിലപ്പോൾ പ്രവാചക കൽപനയുടെ ഗഹനമായ അർഥം നമുക്ക് പിടികിട്ടും; ചിലപ്പോൾ ഉപരിപ്ലവമായ, നേർക്കുനേരെയുള്ള, അർഥം ഗ്രഹിച്ച് തൃപ്തരാകേണ്ടിവരും. എങ്ങനെയായാലും പ്രവാചകന്റെ കൽപനകൾ നാം അനുസരിച്ചേ മതിയാവൂ- ആധികാരികത സംശയാതീതമാണെങ്കിൽ. പ്രവാചകകൽപനകളിൽ ചിലതിനു പരമപ്രാധാന്യമുണ്ട്, ചിലതിനു അത്ര പ്രാധാന്യമില്ല. എന്നാൽ, 'പരമപ്രധാന'മെന്ന് സ്ഥിരപ്പെട്ട കൽപനകൾക്കു പ്രാമുഖ്യം നൽകുമ്പോൾ, അനിവാര്യമല്ലെന്നെണ്ണി ഒരു കൽപനയും തള്ളിക്കളയാൻ നമുക്കവകാശമില്ല. കാരണം, റസൂലിനെപ്പറ്റി ഖുർആൻ പറയുന്നു: "അദ്ദേഹം തനിക്കു തോന്നിയപോലെ ഒന്നും പറയുന്നില്ല." (53:3).

അതായത്, ഒരു വസ്തുനിഷ്ഠമായ ആവശ്യം വന്നുകൂടുമ്പോളാണ് റസൂൽ വചിക്കുന്നത്. അല്ലാഹുവിന്റെ ആജ്ഞയനുസരിച്ചുള്ള വചനം. അതുകൊണ്ട്, പ്രവാചക സുന്നത്ത് അക്ഷരാർഥത്തിൽ മാത്രമല്ല, ഭാവാർഥത്തിലും നാം പിന്തുടരേണ്ടതുണ്ട്- ഇസ്‌ലാമിന്റെ ആദർശത്തോട് നേരായും കൂറു നിലനിർത്താൻ ആഗ്രഹിക്കുന്നുവെങ്കിൽ.

സുന്നത്ത് പിന്തുടരേണ്ടതിന്റെ ആവശ്യകത ഒരിക്കൽ പ്രമാണീകരിക്കപ്പെട്ടാൽ അതിന് ഇസ്‌ലാമിലുള്ള മതപരവും സാമൂഹികവുമായ സാംഗത്യം എന്താണെന്നറിയാൻ അവകാശമുണ്ട് ഓരോ മുസ്‌ലിമിനും; അത് അവന്റെ ചുമതലയുമാണ്. ജനനം മുതൽ മരണം വരെ അവന്റെ ജീവിതത്തെ മുച്ചൂടും ചൂഴ്ന്നുവെന്നു കരുതപ്പെടുന്ന മഹത്തായ ഈ നിയമാവലികളുടെ, പ്രധാനവും അപ്രധാനവുമായ എല്ലാ ദശാസന്ധികളിലും അനുസരിക്കാൻ ബാധ്യസ്ഥമായ പെരുമാറ്റച്ചട്ടങ്ങളുടെ ആത്മീയാർഥം എന്താണ്? ഒരർഥവുമില്ലെന്ന് വരുമോ? താൻ ചെയ്തതുപോലെ വേണം എന്തും ചെയ്യാൻ എന്ന് പ്രവാചകൻ അനുയായികളോട് കൽപിച്ചതിൽ എന്തു നന്മയാണുള്ളത്? ഇരു കൈകളും വൃത്തിയുള്ളതാണെങ്കിൽ വലം കൈകൊണ്ടെന്ന

പോലെ ഇടതുകൈകൊണ്ടും തിന്നാൽ എന്താണ് തെറ്റ്? താടി വടിക്കുന്നതും നീട്ടുന്നതും സ്വന്തം സൗകര്യമനുസരിച്ചായിക്കൂടേ? ഇതുപോലുള്ള കാര്യങ്ങൾ മനുഷ്യന്റെ പുരോഗതിയെയും സമൂഹത്തിന്റെ ക്ഷേമത്തെയും എങ്ങനെയാണ് ബാധിക്കുക? ബാധിക്കുകയില്ലെങ്കിൽ നമ്മുടെ മേൽ അവ നിർബന്ധമാക്കുന്നത് എന്തിന്?

ഇസ്‌ലാമിന്റെ നിലനിൽപിന് സുന്നത്തിന്റെ അനുവർത്തനം കൂടിയേ കഴിയൂ എന്നു വിശ്വസിക്കുന്ന നമ്മൾ ഈ ചോദ്യങ്ങൾക്ക് ഉത്തരം നൽകേണ്ടതുണ്ട്.

എന്റെ അറിവ് വെച്ചു നോക്കുമ്പോൾ, സുന്നത്ത് സുസ്ഥാപിതമായതിനു കുറഞ്ഞത് വ്യക്തമായ മൂന്ന് കാരണങ്ങൾ കാണുന്നു: ചിട്ടയോടെ ചട്ടങ്ങളനുസരിക്കാൻ മനുഷ്യന് പരിശീലനം നൽകലാണ് ഒരു കാരണം. ബോധപൂർവം ജാഗ്രതയോടെ ആത്മനിയന്ത്രണം ചെയ്തുകൊണ്ട് ജീവിക്കാനുള്ള പരിശീലനം. ചിട്ടയില്ലാത്ത പ്രവൃത്തികളും ശീലങ്ങളും മനുഷ്യന്റെ ആത്മീയ പുരോഗതിയിൽ തടസ്സങ്ങളുണ്ടാക്കാം. ശ്രദ്ധയെ ആത്മീയകാര്യങ്ങളിൽ ഏകാഗ്രമാക്കാൻ വിലങ്ങുതടികൾ നീക്കം ചെയ്യേണ്ടതുണ്ട്. നമ്മുടെ ഇഛാനുസരണം ധർമനിഷ്ഠയോടെ യാവണം നാം ചെയ്യുന്നതെന്തും. അതിന് നാം നമ്മെത്തന്നെ പരിശോധിക്കാൻ പഠിച്ചിരിക്കണം. ഉമറുബ്നുൽ ഖത്ത്വാബ് ഇക്കാര്യം ലളിത സുന്ദരമായ ഭാഷയിൽ ഇപ്രകാരം പ്രകാശിപ്പിക്കുന്നു: "കണക്ക് ബോധിപ്പിക്കാൻ വിളിക്കപ്പെടും മുമ്പേ നിങ്ങൾ നിങ്ങളുടെ കണക്ക് നിങ്ങളെത്തന്നെ ബോധിപ്പിക്കുക."

"നേരിൽ കണ്ടുകൊണ്ടെന്ന പോലെ നിന്റെ റബ്ബിനെ നീ ആരാധിക്കുക." (ബുഖാരി, മുസ്‌ലിം, അബൂദാവൂദ്, നസാഈ)

ചില ആചാരാനുഷ്ഠാനങ്ങൾ മാത്രമല്ല ഇസ്‌ലാമിൽ ആരാധന. ജീവിതം ജീവിച്ചുതീർക്കൽ തന്നെയാണ് അത്. നമ്മിലെ ആത്മീയഭാവങ്ങളെയും ഭൗതികാഭിനിവേശങ്ങളെയും തമ്മിലിണക്കിച്ചേർത്ത് ഒന്നാക്കലാണ് ആരാധനയുടെ ലക്ഷ്യം. അതിന്, ബോധപൂർവമല്ലാതെയും അനിയന്ത്രിതമായും നമ്മുടെ ജീവിതത്തിൽ സ്വാധീനം ചെലുത്താനിടയുള്ള എല്ലാറ്റിനെയും ഒഴിവാക്കാൻ ആവുംവിധം പരിശ്രമിക്കണം. ആത്മപരിശോധനയാണ് അതിലേക്കുള്ള ആദ്യ ചുവട്. ശീലമായിപ്പോയ, അപ്രധാനമെന്ന് കരുതുന്ന പലതും നമ്മുടെ നിത്യജീവിതത്തിൽ കാണാനാവും. കുറേ ചെറിയ, നിസ്സാര കാര്യങ്ങൾ. എന്നാൽ, ചെറുതായും നിസ്സാരമായും നാമെണ്ണുന്ന കാര്യങ്ങളാവും കണക്കെടുക്കുമ്പോൾ വലുതും ഗുരുതരവുമായി വരിക. വലുതുകളെ വലുപ്പം കൊണ്ടുതന്നെ സ്പഷ്ടമായി നിരീക്ഷിക്കാനാവുമല്ലോ. ചെറുതുകളുടെ കാര്യമതല്ല. നമ്മുടെ ശ്രദ്ധയിൽ അവ പെട്ടെന്നു വരില്ല; നമുക്ക് നിയന്ത്രിച്ചുനിർത്താൻ കഴിയാത്തവിധം വഴുതിക്കളിക്കുകയും ചെയ്യും. അതുകൊണ്ട് ചെറിയ കാര്യങ്ങളിൽ കൂടുതൽ ശ്രദ്ധ പതിയേണ്ടതുണ്ട്.

വലംകൈ കൊണ്ട് തിന്നുന്നതിലും താടിനീട്ടുന്നതിലും വലിയ കാര്യമില്ലെന്നു വരാം. എന്നാൽ, ചില പെരുമാറ്റച്ചട്ടങ്ങളനുസരിച്ച് സുസ്ഥാപിതമായ ഒരു മാർഗത്തിലൂടെ ചരിക്കുന്നത് വളരെ പ്രധാനമാണ്. ശരീരത്തെപ്പോലെ മനസ്സും മടിപിടിച്ചതാവാം എന്നതുകൊണ്ട് ആത്മപരിശോധനയിലും ആത്മനിയന്ത്രണത്തിലും ശ്രദ്ധ കേന്ദ്രീകരിക്കാൻ നമുക്ക് വല്ലാതെ പാടുപെടേണ്ടിവരും. വ്യായാമം ചെയ്യാത്ത ഒരാളോട് കുറേ ദൂരം നടക്കാൻ പറഞ്ഞു നോക്കൂ. അൽപം നടന്നാൽ അയാൾ തളരും. എന്നാൽ നടത്തം പതിവാക്കിയ ഒരാളുടെ കാര്യമിതല്ല. സോത്സാഹം അയാൾ എത്ര ദൂരവും താണ്ടും. ജീവിതത്തിൽ എല്ലാ മേഖലയിലും സുന്നത്ത് പിന്തുടരേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചുള്ള ഒരു വിശദീകരണം ഇതിലുണ്ട്. നാം എന്തു ചെയ്യുന്നതും ചെയ്യാതിരിക്കുന്നതും എല്ലായ്പ്പോഴും ബോധപൂർവം ത്യാജ്യഗ്രാഹ്യവിവേചനത്തോടെയാവുമ്പോൾ ആത്മപരിശോധന നടത്താനുള്ള കഴിവ് അവിരതം വർധിക്കും. ജീവിതത്തിലുടനീളം നിർത്താതെ പരിശീലനം തുടരുന്നതിനാൽ നമ്മുടെ സാന്മാർഗികാലസ്യം കുറഞ്ഞ് കുറഞ്ഞുവന്ന് വിട്ടൊഴിയും.

'പരിശീലനം' കൊണ്ട് ഫലം കിട്ടണമെങ്കിൽ അത് യാന്ത്രികമാവരുത്. നിത്യജീവിതത്തിൽ സുന്നത്ത് പിന്തുടരുന്നത് ബോധപൂർവമല്ലെങ്കിൽ അതിനു വിദ്യാഭ്യാസ മൂല്യം ഇല്ലാതാവും. തിരുദൂതരുടെ സ്വഹാബിമാരും തുടർന്നുവന്ന തലമുറകളും ചിട്ടയോടെ സുന്നത്തനുഷ്ഠിച്ചിരുന്നു. ബോധപൂർവം സുന്നത്തിനായി സമർപ്പിതമായിരുന്നു അവരുടെ ജീവിതം. നിരന്തരം നബിചര്യ പിന്തുടരുന്ന ശീലം വളർത്തിയെടുത്ത അവർക്ക് അതുകൊണ്ട് നേട്ടമുണ്ടായി. പിൽക്കാലത്ത് മുസ്‌ലിംകൾ സുന്നത്തിനെ അവഗണിച്ചു. സുന്നത്ത് തുറന്നിട്ട തത്ത്വവിദ്യയുടെ തണൽവഴി വേണ്ടവിധം ഉപയോഗപ്പെടുത്താൻ അവർ കൂട്ടാക്കിയില്ല. സൂഫിസത്തിന്റെ സ്വാധീനമാവാം ഈ ദുര്യോഗത്തിന് കാരണം. ഇസ്‌ലാമിൽ തുടക്കത്തിലേ സ്ഥിരപ്പെട്ടുപോയ സുന്നത്തുകളെ മുരടോടെ പിഴുതെറിയാൻ സൂഫിസത്തിനായില്ല എന്നത് ശരി. പക്ഷേ, ചൈതന്യം ചോർത്തിക്കളഞ്ഞ് സുന്നത്തുകളെ നിർവീര്യമാക്കുന്നതിൽ ഒരളവോളം അത് വിജയിച്ചു. നിഗൂഢമായ പശ്ചാത്തലത്തിൽ നിഷ്കാമ്യപ്രാധാന്യം മാത്രമുള്ള ഒരു ചിത്രലിപിയായാണ് സുന്നത്തിനെ സൂഫികൾ കണ്ടത്. ദൈവശാസ്ത്രജ്ഞരും നിയമജ്ഞരും ചട്ടങ്ങളുടെ ഒരു സംഹിതയായും കണ്ടു. മുസ്‌ലിം ബഹുജനത്തെ സംബന്ധിച്ചാവട്ടെ ഉള്ളിൽ ഒരു ജൈവപദാർഥവുമില്ലാത്ത പൊള്ളയായ കങ്കാളം മാത്രമായി സുന്നത്ത്. ഇതെല്ലാമായിട്ടും ഖുർആനികാധ്യാപനങ്ങളും നബിചര്യകളും കേടുപാടുകൾ കൂടാതെ നമ്മുടെ മുമ്പിലുണ്ടല്ലോ. ഓരോന്നും നമുക്ക് പ്രയോഗത്തിൽ വരുത്താവുന്നതേയുള്ളൂ. ഹദീസ്നിഷേധികൾ അനുമാനിക്കുംപോലെ കപടഭക്തരുടെ കാട്ടിക്കൂട്ടലുകളോ നാമമാത്രപൂജകരുടെ നിഷ്കർഷകളോ അല്ല സുന്നത്ത്. സുബോധത്തോടെ ദൃഢബോധ്യത്തോടെ, അത്യന്തം ശ്രദ്ധയോടെ കർമാനുഷ്ഠരായ ആളുകൾ നേടുന്ന പരിശീലനമാണ് അത്. സ്വഹാബിമാർ-സ്ത്രീകളും പുരുഷന്മാരും- അങ്ങനെയുള്ളവരായിരുന്നു.

ഇത്രയുമാണ് സുന്നത്തിന്റെ വ്യക്തിപ്രാധാന്യമുള്ള വശം. അടുത്തതായി സമൂഹത്തിൽ സുന്നത്തിനുള്ള പ്രാധാന്യവും ഉപയോഗ്യതയും എന്തെന്ന് നോക്കാം: പ്രവൃത്തികളുടെ ഉദ്ദേശ്യലക്ഷ്യങ്ങളെക്കുറിച്ച് അംഗങ്ങൾക്കിടയിൽ വളരുന്ന തെറ്റുധാരണകളാണ് പലപ്പോഴും സമൂഹത്തിൽ സംഘർഷങ്ങൾക്കും സംഘട്ടനങ്ങൾക്കും വഴിമരുന്നിടുന്നതെന്ന് പറഞ്ഞാൽ തെറ്റില്ല. ഓരോന്നായിരിക്കുമല്ലോ സമൂഹത്തിലെ ഓരോ വ്യക്തിയുടെയും മനോഭാവം. ഓരോരുത്തർക്കും വ്യത്യസ്തമായ ശൈലിയും ശീലവും കാണും. മനോഭാവങ്ങളും സമ്പ്രദായങ്ങളും തികച്ചും വ്യത്യസ്തമായാൽ അത് വ്യക്തികൾ പരസ്പരം അടുക്കുന്നതിനു വിഘാതമാവുന്നു. എന്നാൽ, ഒരു കൂട്ടം വ്യക്തികൾ ഒരേ ജീവിതരീതിയും മനോഭാവവും പിന്തുടർന്നാലോ? പരസ്പരം മനസ്സിലാക്കി അനുഭാവപൂർവം പെരുമാറും. സംഘർഷങ്ങൾ കൂടാതെ കഴിക്കും. വ്യക്തിയുടെ എന്നപോലെ സമൂഹത്തിന്റെയും ക്ഷേമം മുൻനിർത്തി ജീവിതരീതികളിൽ ഒരു ഐകരൂപ്യം വരുത്താൻ ഇസ്‌ലാം നിഷ്കർഷിക്കുന്നത് അതുകൊണ്ടാണ്. വ്യക്തിപരമോ സാമൂഹികമോ ആയ നിലയും വിലയുമൊന്നും അതിനു തടസ്സമാവരുത്.

സുന്നത്തിന്റെ കടുംപിടുത്തം കൊണ്ട്, ഇതിനു പുറമെ ഇസ്‌ലാമിക സമൂഹത്തിൽ വേറൊരു വലിയ പ്രയോജനം കൂടിയുണ്ട്. സുന്നത്തുകൾ സമൂഹത്തെ പരസ്പര ബന്ധമുള്ളതും കെട്ടുറപ്പുള്ളതുമാക്കുന്നു. പാശ്ചാത്യസമൂഹ തലത്തിലുള്ളതുപോലെ പരസ്പര വിദ്വേഷവും ചിന്താകുഴപ്പവും പരിവർജിക്കപ്പെടുന്നു. 'സാമൂഹികപ്രശ്നം' ഉയർന്നുവരുമ്പോഴാണല്ലോ അവിടങ്ങളിൽ കുഴപ്പമുണ്ടാകുന്നത്. വികലവും ന്യൂനതകളുള്ളതുമെന്ന് ഏതെങ്കിലും കീഴ്നടപ്പുകളോ സമ്പ്രദായങ്ങളോ ആചാ

രങ്ങളോ വിലയിരുത്തപ്പെടുമ്പോഴാണ് 'സാമൂഹികപ്രശ്നം' തല പൊക്കുക. ഇസ്‌ലാമിൽ അതിനു പഴുതില്ല. ഖുർആനും നബിച ര്യകളുമാണ് ഇസ്‌ലാമികസമൂഹത്തിന്റെ നിലനിൽപിന്നാധാരം. ഖുർആൻ ദൈവവചനം. നബി ദൈവദൂതൻ. ഈ വിഷയത്തിൽ അടിസ്ഥാന ആശയാദർശങ്ങളിൽ, ആർക്കും സന്ദേഹമില്ലാത്ത തിനാൽ 'സാമൂഹികപ്രശ്ന'ത്തിനു മുളച്ചുപൊന്താൻ ഇസ്‌ലാ മിൽ ഇടമില്ല. അതുകൊണ്ടാണ് മുസ്‌ലിംകൾ 'സുദൃഢമായ ഒരു കെട്ടിടം'പോലെയാണെന്ന് ഖുർആനിൽ സങ്കൽപിക്കപ്പെടുന്നത്. ഖുർആനും സുന്നത്തും സാമൂഹികജീവിതത്തിൽ പരമപ്രധാന മാകുമ്പോൾ ചെറിയ പ്രശ്നങ്ങളും ഭാഗികമായ 'പരിഷ്കര ണ'വും അപ്രസക്തമാവും. വൈരുധ്യാധിഷ്ഠിത ചിന്താക്കുഴപ്പ മില്ലാതെ ദൈവികനിയമങ്ങളും ദൈവദൂതന്റെ മാതൃകയും പിന്തു ടരുന്നതിനാൽ ഇസ്‌ലാമിക സമൂഹത്തിന് അതിന്റെ ഊർജം മുഴുവൻ ഭൗതികവും ബൗദ്ധികവുമായ ക്ഷേമകാര്യങ്ങൾക്കായി ചെലവാക്കാനാവും. ഇതു മാത്രമാണ്, ഇതല്ലാതെ മറ്റൊന്നുമല്ല ഇസ്‌ലാമിക സമൂഹിക സംഘടനയുടെ മതപരമായ വാസ്തവി കത.

ഇനി നമ്മൾ സുന്നത്ത് കർശനമായി പിന്തുടരുന്നത് എന്തിനെന്നും എന്തുകൊണ്ടെന്നും നോക്കാം.

ദൈനംദിന ജീവിതത്തിൽ റസൂലിന്റെ മാതൃകയനുസരിച്ച് നാം പിന്തുടരേണ്ട കാര്യങ്ങൾ നിരവധി. അങ്ങനെ നമ്മുടെ ജീവിതവ്യാപാരങ്ങളിലെല്ലാം റസൂൽ നിത്യസാന്നിധ്യമായിത്തീരു ന്നു. 'ദൈവദൂതന്മാരിൽ അന്ത്യനും' 'ലോകർക്ക് കാരു ണ്യവു'മാണല്ലോ റസൂൽ. അങ്ങനെയുള്ളൊരു പ്രവാചകന്റെ മാർഗദർശനം മുഴുവനായോ അതിൽ ചിലതോ സ്വീകാര്യമ ല്ലെന്ന നിലപാട് ദൈവിക മാർഗദർശനത്തെത്തന്നെ നിരാകരിക്ക ലാവും. അങ്ങനെ വരുമ്പോൾ, ദൈവിക മാർഗദർശനത്തിന് ഖുർആനോടെയും മുഹമ്മദ് നബി(സ)യുടെ നിയോഗത്തോ ടെയും പൂർണ വിരാമമായില്ലെന്ന യുക്തിയിലേക്കാണെത്തുക. 'മനുഷ്യന്റെ ജീവിതപ്രശ്നങ്ങൾ'ക്ക് ഇസ്‌ലാമും ഒരു പരിഹാരം എന്നു മാത്രമാവും യുക്തി. അപ്പോൾ, അതോ ഇതോ എന്തുവേ ണമെങ്കിലും തെരഞ്ഞെടുക്കാമെന്നാവും. അങ്ങനെപോയാൽ നമ്മൾ എവിടെയാണെത്തുക? ഇസ്‌ലാമിലല്ലെന്നുറപ്പ്. കാരണം, ഖുർആൻ പറയുന്നു: "ഇന്നു നാം നിങ്ങളുടെ മതം നിങ്ങൾക്ക് തികവുള്ളതാക്കിയിരിക്കുന്നു, നമ്മുടെ അനുഗ്രഹം നിറവേറ്റു ന്നു, ഇസ്‌ലാമിനെ നിങ്ങളുടെ മതമായി നിശ്ചയിക്കുന്നു." (5:3)

നമുക്ക് താങ്ങാനാവാത്തതൊന്നും ഇസ്‌ലാം അടിച്ചേൽപി ക്കുന്നില്ല. മാർഗങ്ങളിൽ ഒന്നല്ല ഇസ്‌ലാം. ഇസ്‌ലാമാണ് മാർഗം. ആരിലൂടെ ഇസ്‌ലാം തികവുള്ളതാക്കപ്പെട്ടോ ആ മനുഷ്യൻ മാർഗദർശികളിൽ ഒരാളല്ല; അദ്ദേഹമാണ് മാർഗദർശി. അദ്ദേഹ ത്തിന്റെ മാതൃകയനുസരിച്ച് അദ്ദേഹം പ്രവർത്തിച്ചതും കൽപി ച്ചതുമെല്ലാം പിന്തുടരലാണ് ഇസ്‌ലാം. സുന്നത്തിനെ നിരാകരി ക്കുമ്പോൾ നിങ്ങൾ ഇസ്‌ലാമിന്റെ യാഥാർഥ്യം തള്ളിക്കളയുക യാണ് ചെയ്യുന്നത്.

*(ക്വാലാലമ്പൂരിലെ ഇസ്‌ലാമിക് ബുക് ട്രസ്റ്റ് പ്രസിദ്ധീക രിച്ച Hadith and Sunnah-Ideals and Realities എന്ന കൃതിയിൽനി ന്ന്.* വിവ: **ഹഫ്സ**) ■